LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ജില്ലയിലെ ലോവർ ഡിവിഷൻ ക്ലാർക്ക് നിയമനം

59 (64) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 477/2010 പ്രകാരം കോഴിക്കോട് ജില്ലയിൽ ലോവർ ഡിവിഷൻ ക്ലാർക്കുമാർക്ക് വേണ്ടി തയ്യാറാക്കിയ പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്രപേർക്കാണ് നിയമനം നൽകിയിട്ടുള്ളത്;

(ബി) റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ ഇനി നിയമനം നൽകാൻ ബാക്കിയുണ്ടോ; അടുത്ത വർഷത്തെ ഒഴിവുകൾ (പ്രതീക്ഷിത ഒഴിവുകൾ) കണക്കാക്കി സൂപ്പർ ന്യൂമററിയായി നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 25-2-2015 വരെ 658 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) നിലവിൽ 7 ഒഴിവുകൾ നിയമന ശിപാർശയ്ക്കായി അവശേഷിക്കുന്നുണ്ട്. അടുത്ത വർഷത്തെ പ്രതീക്ഷിത ഒഴിവുകളിൽ സൂപ്പർന്യൂമററി നിയമനം നൽകുന്ന കാര്യം ഇപ്പോൾ തീരുമാനമായിട്ടില്ല.

ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ

60 (65) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പ് കല്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) എല്ലാ മാസവും നിശ്ചിത ദിവസം ഫയൽ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുമോ;

(സി) കളക്ടറേറ്റ് മുതൽ താഴോട്ടുള്ള ഓഫീസുകളിൽ നിന്നും യഥാസമയം റിപ്പോർട്ട് ലഭിക്കാത്തത് ഫയൽ തീർപ്പാക്കുന്നതിൽ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഓരോ വകുപ്പിന്റെയും പ്രതിമാസ പ്രവർത്തന പത്രികകൾ അവലോകനം ചെയ്ത് ഫയൽ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം നൽകി വരുന്നുണ്ട്. ഫയൽ വിവരങ്ങൾ രേഖപ്പെടുത്തുന്ന പേഴ്സണൽ രജിസ്റ്റർ എല്ലാ മാസവും സെക്ഷൻ

ഓഫീസർ മുതൽ എല്ലാ മേലുദ്യോഗസ്ഥരും ഷെഡ്യൂൾ പ്രകാരം പരിശോധിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന, 3 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിന് 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി 2014 മേയ്-ജൂൺ മാസങ്ങളിൽ ഒരു ഫയൽ തീർപ്പാക്കാൻ തീവ്രയത്ന പരിപാടി നടത്തുകയും ഫയലുകൾ തീർപ്പാക്കുകയുമുണ്ടായി. കൂടാതെ ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിനായി 2014 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 31 വരെ ഒരു ഫയൽ അദാലത്തുകൂടി നടത്തുകയുണ്ടായി. ഓരോ വകുപ്പും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് വകുപ്പ് തലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും ഫയൽ തീർപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം നടത്തുവാനും മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി നീക്കിവയ്ക്കണമെന്നും വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കളക്ടറേറ്റ് മുതൽ താഴോട്ടുള്ള ഓഫീസുകളിൽ നിന്നും യഥാസമയം റിപ്പോർട്ട് ലഭിക്കാത്തത് ഫയലുകളിൽ തീർപ്പുകല്പിക്കുന്നതിന് തടസ്സമുളവാക്കുന്ന ഒരു കാരണമാണ്. സർക്കാർ ആവശ്യപ്പെടുന്ന വിവരങ്ങൾ/റിപ്പോർട്ടുകൾ താമസംവിനാ ലഭ്യമാക്കേണ്ടതാണെന്ന് എല്ലാ വകുപ്പുമേധാവികൾക്കും കർശന നിർദ്ദേശം നൽകണമെന്ന് ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൂടാതെ പഞ്ചദിന ചട്ടം, സേവനാവകാശ നിയമം എന്നിവ നിർബന്ധമായി പാലിക്കുവാനും എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശമ്പളകമ്മീഷൻ

61 (66) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടക്കാലാശ്വാസം ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും സമരസമിതി, സൂചന പണിമുടക്ക് സമരം നടത്തുമെന്ന് അറിയിച്ചിട്ടുണ്ടായിരുന്നോ ;

(ബി) പണിമുടക്ക് നോട്ടീസ് നൽകിയ ജീവനക്കാരുടെയും അധ്യാപകരുടെയും സംഘടനാ നേതാക്കളെ വിളിച്ച് ചർച്ച ചെയ്യുകയുണ്ടായോ; എങ്കിൽ എപ്പോൾ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ;

(സി) ജീവനക്കാരുടെയും അധ്യാപകരുടെയും ന്യായമായ ആവശ്യം പരിഗണിച്ച് ഇടക്കാലാശ്വാസം നല്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly